പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4500 | 25/10/2016-ൽ മറുപടിക്ക്

# മുടങ്ങിക്കിടക്കുന്ന ജലവൈദ്യുത പദ്ധതികൾ

<table>
<tr><td></td><td>ചോദ്യം<br><br>ശ്രീ.പി.കെ.ശശി</td><td></td><td colspan="2">ഉത്തരം<br><br>ശ്രീ. കടകം പള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി)</td></tr>
<tr><td rowspan="3">(എ)</td><td rowspan="3">സംസ്ഥാനത്ത് മുടങ്ങിക്കിടക്കുന്ന ജലവൈദ്യുത പദ്ധതികൾ ഏതെല്ലാമെന്നും ഓരോന്നിന്റെയും നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ;</td><td rowspan="3">(എ)</td><td>പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം (60 മെഗാവാട്ട്)</td><td>74% ജോലി പൂർത്തിയാക്കിയിട്ടുണ്ട്.</td></tr>
<tr><td>തോട്ടിയാർ ജലവൈദ്യുത പദ്ധതി (40 മെഗാവാട്ട്)</td><td>33.1% ജോലി പൂർത്തിയാക്കിയിട്ടുണ്ട്.</td></tr>
<tr><td>ചാത്തൻകോട്ടുനട -II ചെറുകിട ജലവൈദ്യുത പദ്ധതി (6 മെഗാവാട്ട്)</td><td>20.73% ജോലി പൂർത്തിയാക്കിയിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>ഇവ പൂർത്തീകരിക്കാത്ത കാരണത്താൽ, വൈദ്യുതി ഉല്പാദിപ്പിക്കാവുന്ന എത്ര ടി.എം.സി. ജലം പ്രതിവർഷം നഷ്ടമാകുന്നു എന്നും, പണി പൂർത്തീകരിച്ച് പ്രവർത്തന ക്ഷമമായാൽ ഇതുവഴി എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുമായിരുന്നു എന്നും വിശദമാക്കുമോ;</td><td>(ബി)</td><td colspan="2">പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീമിൽ പ്രതിവർഷം 2.59 TMC ജലവും, തോട്ടിയാർ പദ്ധതിയിൽ പ്രതിവർഷം 3.04 TMC ജലവും, ചാത്തൻ കോട്ടുനട II ചെറുകിട ജല വൈദ്യുത പദ്ധതിയിൽ പ്രതിവർഷം 4.23 TMC ജലവും, ഉപയോഗപ്പെടുത്തും വിധമാണ് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്. പണി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമായാൽ പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം മുഖേന പ്രതിവർഷം 153.9 മില്യൻ യൂണിറ്റും തോട്ടിയാർ ജലവൈദ്യുത പദ്ധതി മുഖേന പ്രതിവർഷം 99 മില്യൻ യൂണിറ്റും, ചാത്തൻകോട്ടുനട-II ചെറുകിട ജലവൈദ്യുത പദ്ധതിയിൽ നിന്നും പ്രതിവർഷം 14.76 മില്യൻ യൂണിറ്റും വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ</td></tr>
</table>

| | | | |
|---|---|---|---|
| | | | സാധിക്കും. |
| (സി) | പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | പ്രസ്തുത പദ്ധതികളുടെ ബാക്കി പണികൾ സമയബന്ധിതമായി തീർക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ